വിചാരണ

# നീർച്ചുഴികൾ കടന്ന് നീര

**നീര ഉൽപാദനത്തിൽ നിലനിന്നിരുന്ന നിയന്ത്രണങ്ങളെല്ലാം നീങ്ങി. വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനം ഇനിയൊട്ടും വൈകരുത്**



ഗുജറാത്തിൽ ക്ഷീരവിപ്ലവം സാധ്യമാക്കിയ ഡോ.വി.കുര്യനോട് കേരളത്തിൽ എന്തുകൊണ്ട് ഗുജറാത്ത് മോഡൽ സാധ്യമാകുന്നില്ല എന്ന് ആരോ ചോദിച്ചു. 'കേരളത്തിൻെറ പ്രശ്നം അവിടെ മുഴുവൻ മലയാളികളാണെന്നതാണ്', അദ്ദേഹത്തിൻെറ മറുപടി.

നമ്മുടെ വാശികളും വരട്ടുവാദങ്ങളും ചേർന്ന് റദ്ദുചെയ്ത സ്വപ്നങ്ങളുടെ കണക്കെടുത്താൽ ഈ നിരീക്ഷണത്തിൻെറ ആഴവും അർഥഭംഗിയും വ്യക്തമാവും. നീരയുടെ ഗതിയും അങ്ങനെയാവുമോ എന്ന് പരസ്പരം ചോദിക്കുകയാണിന്നു കേരകർഷകർ. ഏതായാലും നീരയുടെ വിധി വ്യത്യസ്തമാകുമെന്ന് ആശ്വസിക്കാനുതകുന്നതാണ് നീര ഉൽപാദനവും വിപണനവുമായി ബന്ധപ്പെട്ട് 22.06.2015ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്.

അപേക്ഷിക്കുന്ന എല്ലാവർക്കും നീര ഉൽപാദിപ്പിക്കാൻ ലൈസൻസ് ലഭ്യമാക്കുമെന്ന് വൈകിയാണെങ്കിലും വന്ന ഉത്തരവി

വിചാരണ

## നീരയുടെ പേരിലും തട്ടിപ്പ്?

ആട്, തേക്ക്, മാഞ്ചിയം, നാനോ എക്സൽ..മലയാളി വീണ കുഴികൾ ഏറെയുണ്ട്. നീരയുടെ പേരിലും ചതിക്കുഴി ഒരുങ്ങുന്നുണ്ടെന്നാണ് സൂചന. ജൂലൈ 12ന് ഒരു ഇംഗ്ലിഷ് ദിനപ്പത്രത്തിൻെറ ഒന്നാം പേജിൽ വന്ന പരസ്യമാണ് സംശയത്തിൻെറ നിഴലിൽ നിൽക്കുന്നത്.

നീര ഷുഗർ പ്രോജക്ടിൽ, പണം ഒഴികെയുള്ള സ്ഥാവര-ജംഗമ വസ്തുക്കൾ(തെങ്ങുകൃഷി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ) നിക്ഷേപിക്കാൻ ക്ഷണിച്ചുകൊണ്ടുള്ളതാണ് പരസ്യം. ഇത്തരം വ്യാജ വാഗ്ദാനങ്ങളിൽ വീഴരുതെന്ന് നാളികേര വികസന ബോർഡ് മുന്നറിയിപ്പു നൽകിക്കഴിഞ്ഞു. നാളികേര വികസന ബോർഡിനു കീഴിൽ റജിസ്റ്റർ ചെയ്തിരിക്കുന്ന ത്രിതല കൂട്ടായ്മയായ നാളികേര ഫെഡറേഷനുകൾക്ക് മാത്രമാണ് നീര ടാപ്പ് ചെയ്യാൻ സംസ്ഥാന സർക്കാർ ലൈസൻസ് നൽകുന്നത്. ഇതുപ്രകാരം ഫെഡറേഷനുകളുടെ അപ്പെക്സ് ബോഡിയായ കമ്പനികൾക്കാണ് നീര പ്രോജക്ടിനു നാളികേര വികസന ബോർഡ് അനുമതി നൽകുന്നത്. ഈ പരസ്യത്തിൽ വിശ്വസിച്ച് നീര ഷുഗർ പ്രോജക്ടിൻെറ പേരിൽ സ്വന്തം കിടപ്പാടം നഷ്ടപ്പെടാനുള്ള സാഹചര്യം ഒഴിവാക്കണമെന്നാണ് നാളികേര വികസന ബോർഡിൻെറ മുന്നറിയിപ്പ്.

ൽ പറയുന്നു. നീര ടെക്നീഷ്യന്മാരുടെ പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കും. കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25 ശതമാനം മൂലധന സഹായമായി കർഷക ഉൽപാദക കമ്പനികൾക്ക് കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴി നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തുമെന്നും ഉത്തരവിലുണ്ട്.

നാളികേര വികസന ബോർഡ് മുന്നോട്ടു വച്ച നിർദേശങ്ങളെല്ലാം ഉൾപ്പെടുന്നതാണ് പുതിയ ഉത്തരവ് എന്ന് ചെയർമാൻ ടി.കെ.ജോസ്. 'ഇതുവരെയും നീര ഉൽപാദിപ്പിക്കാമെന്നും വിപണനം ചെയ്യാമെന്നുമുള്ള ഉറപ്പ് കമ്പനികൾക്ക് ഉണ്ടായിരുന്നില്ല. ബാങ്ക് വായ്പ ലഭിക്കുന്നതിലും നീര ടെക്നീഷ്യന്മാരുടെ പരിശീലനത്തിലുമെല്ലാം ഈ അനിശ്ചിതത്വമുണ്ട്. ഈ ഉത്തരവ് ഒരു വർഷം മുമ്പ് പുറത്തിറങ്ങിയിരുന്നെങ്കിൽ നാളികേര ഉൽപാദക കമ്പനികൾ തങ്ങളുടെ ലക്ഷ്യത്തിലേക്ക് കൂടുതൽ അടുക്കുമായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. പ്രശ്നങ്ങൾ എല്ലാം പരിഹരിക്കുന്ന ഉത്തരവാണ് ഇപ്പോഴുണ്ടായിരിക്കുന്നതെന്ന അഭിപ്രായമാണ് തിരു-കൊച്ചി കമ്പനി ചെയർമാൻ ജോസഫ് ബാബുവിനുമുള്ളത്.

നീര ഉൽപാദനത്തിനു ലൈസൻസ് നൽകാനുള്ള തീരുമാനം 2013 സെപ്റ്റംബറിൽ ഉണ്ടായതാണ്. ഉത്തരവിലെ പാകപ്പിഴകളും കൃഷി, എക്സൈസ് വകുപ്പുകൾ തമ്മിലുള്ള 'ഞാനോ നീയോ' വടംവലികളും കമ്പനികൾക്ക് അനുവദിച്ച ധനസഹായത്തെ ചൊല്ലിയുള്ള വിവാദങ്ങളുമെല്ലാം ചേർന്ന് നഷ്ടപ്പെടുത്തിയത് ഒന്നരക്കൊല്ലത്തോളം.

ലൈസൻസ് ലഭിച്ച തെങ്ങുകളും പരിശീലനം നേടിയ ഏതാനും ടെക്നീഷ്യന്മാരുമായി ഇതിനിടെ പല കമ്പനികളും ചെറിയ തോതിൽ ഉൽപാദനവും വിപണനവും തുടങ്ങിയിരുന്നു, ചിലർ സംസ്കരിച്ച് കുപ്പിയിലാക്കിയും മറ്റു ചിലർ സംസ്കരിക്കാതെ കോൾഡ് ചെയിനിലൂടെ എത്തിച്ചും. എന്നാൽ സംസ്കരിക്കാതെ വിൽപനയ്ക്കു വച്ച നീരയ്ക്ക്, കൈകാര്യം ചെയ്യുന്നതിലെ പിഴവു മൂലം പലയിടത്തും പല രുചി എന്നായതോടെ നീരയിലും വ്യാജൻ എന്നു ചിലരെങ്കിലും സംശയിച്ചു.

ടെക്നീഷ്യന്മാരെ പരിശീലിപ്പിച്ച് ചെറിയ തോതിൽ നീര ഉൽപാദനം തുടങ്ങിയ കമ്പനികളെ സംബന്ധിച്ചിടത്തോളം

വിചാരണ



ഇക്കാലയളവിൽ മുന്നിലുള്ള പ്രശ്നങ്ങൾ പലതായിരുന്നു. ഉണ്ടായിരുന്ന ജോലി വിട്ട് ടെക്നീഷ്യന്മാരായി എത്തിയവർക്ക് ശമ്പളം നൽകണം. കൂടുതൽ പേരെ കണ്ടെത്തി പരിശീലനം നൽകണം. ഒരാളുടെ പരിശീലനത്തിന് പതിന്നാലായിരം രൂപയോളം ചെലവുവരും, അതു കണ്ടെത്തണം. സംസ്കരണ പ്ലാൻറ് സ്ഥാപിക്കാത്തതു മൂലം, ചെത്തിയെടുത്ത നീര നേരിട്ടു വിൽക്കുകയോ മൂല്യവർധന വരുത്തുകയോ ചെയ്യണം. പ്ലാൻറ് സ്ഥാപിക്കാൻ പണം കണ്ടെത്തണം. കമ്പനികളുടെ ഭാവി സംബന്ധിച്ച് ആശങ്ക ഉള്ളതിനാൽ വായ്പ നൽകാൻ ബാങ്കുകളും മടിച്ചുനിന്നു.

ഇതിനിടെ ചിലയിടങ്ങളിൽ നീര ചെത്തു നിലച്ചു. പരിശീലനം നേടിയവർ തൊഴിലില്ലാതെ വീട്ടിലിരിക്കേണ്ട സ്ഥിതിയായി. നീരചെത്ത് സജീവമായ ചിലയിടങ്ങളിലാകട്ടെ, ഒരു ദിവസം ആറു തെങ്ങേ ചെത്തുകയുള്ളൂ എന്ന് നാട്ടുകാരായ ടെക്നീഷ്യന്മാർ പ്രഖ്യാപിച്ചു. മിക്ക കമ്പനികളും കാലിടറാതെ ഈ സാഹചര്യങ്ങളെയെല്ലാം നേരിട്ടു എന്നത് നേട്ടംതന്നെ.

എന്നാൽ ചില കമ്പനികളുടെ കാര്യത്തിൽ, നീരചെത്ത് നിലച്ചതിനും ടെക്നീഷ്യന്മാർക്ക് തൊഴിലില്ലാതായതിനും കമ്പനികളും കാരണക്കാരാണെന്നു പറയാതെ വയ്യ. നീര വിപണിയിലെത്തിക്കുകയാണ് തങ്ങളുടെ ആത്യന്തിക ലക്ഷ്യമെന്ന് ഇവർ ഉറപ്പിച്ചു. എന്നാൽ പ്ലാൻറ് സ്ഥാപിക്കാനുള്ള പണം കണ്ടെത്താൻ കഴിയാതെ വന്നതോടെ പ്രവർത്തനങ്ങൾ പരുങ്ങലിലായി.

തേങ്ങയിൽനിന്നും നീരയിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമിച്ച് വിപണിയിലെത്തിക്കുന്നതിൽ ഇവർ താൽപര്യം കാണിച്ചിരുന്നുവെങ്കിൽ ഒരു പരിധിവരെ ഈ പ്രതിസന്ധി മറികടക്കാൻ കഴിഞ്ഞേനെ. 'തെങ്ങിൽനിന്ന് നീരയേക്കാൾ വിപണിമൂല്യമുള്ള ഉൽപന്നങ്ങൾ ലഭിക്കും. കമ്പനികളുടെ ശ്രദ്ധ അതിലേക്കുകൂടി തിരിയണ'മെന്നാണ് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ.ജോസിൻെറയും നിർദേശം.

ഏതായാലും സാങ്കേതിക, നിയമ തടസ്സങ്ങൾ നീങ്ങിയതോടെ ഇനി കമ്പനികൾക്കു സ്വതന്ത്രമായി പ്രവർത്തിക്കാം, പരസ്പരം മത്സരിക്കാം. നാട്ടുകാരായ ടെക്നീഷ്യന്മാർക്ക് ക്ഷാമമായതോടെ കൈപ്പുഴയും തിരു-കൊച്ചിയും പോലുള്ള കമ്പനികൾ അസം, ഛത്തീസ്ഗഡ്, തമിഴ്നാട്, ലക്ഷദ്വീപ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും തൊഴിലാളികളെ എത്തിച്ച് പരിശീലനം തുടങ്ങിക്കഴിഞ്ഞു. കൈപ്പുഴ, കരപ്പുറം കമ്പനികൾ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനവും വിപണനവും തുടങ്ങി. മൂല്യവർധിത നാളികേര ഉൽപന്നങ്ങളുമായി കൂടുതൽ കമ്പനികളും വിപണിയിലുണ്ട്.

ഇതിനിടെ, കർണാടകയും തമിഴ്നാടും നീര ഉൽപാദനത്തിൽ പുതിയ ചുവടുകൾ വച്ചു. തമിഴ്നാട് എക്സൈസ് വകുപ്പ് വൻതോതിൽ നീര ഉൽപാദനത്തിനുള്ള പദ്ധതി ഈയിടെ പ്രഖ്യാപിച്ചു. കർണാടകയിൽ ഇതിനു ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. ഈ സംസ്ഥാനങ്ങളിൽ തെങ്ങ് തോട്ടവിളയായതിനാൽ ഉൽപാദനവും സംഭരണവും എളുപ്പമാകും. തൊഴിലാളിലഭ്യത പ്രശ്നമല്ല. ചട്ടങ്ങൾ കഠിനവുമല്ല. ചുരുക്കത്തിൽ, ആഗോള വിപണിയിലും പ്രാദേശിക വിപണിയിലും നമ്മുടെ നാളികേര ഉൽപാദക കമ്പനികൾ കടുത്ത മത്സരം നേരിടേണ്ടി വരുമെന്ന് തീർച്ച. മടിച്ചു നിന്നാൽ പിന്തള്ളപ്പെടുമെന്നതും മറക്കാതിരിക്കുക.

● ടി.ജെ.ജെ